# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 404 — 20.07.2015 ൽ - മറുപടിക്ക്

## റേഷൻകാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, എളമരം കരീം<br>,, എ. കെ. ബാലൻ<br>,, രാജു എബ്രഹാം | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻകാർഡുകളുടെ വിതരണം അനിശ്ചിതമായി നീളുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | (എ) റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായ ഡാറ്റാ എൻട്രിയും വെരിഫിക്കേഷനും സൂക്ഷ്മമായും കാര്യക്ഷമമായും നടത്തുന്നതിന് ഉദ്ദേശിച്ചിരുന്നതിൽ കൂടുതൽ സമയവും മനുഷ്യാദ്ധ്വാനവും വേണ്ടി വന്നതിനാലും ഡാറ്റാ എൻട്രിയിൽ കണക്ടിവിറ്റി തടസ്സങ്ങൾ നേരിട്ടിരുന്നതിനാലും നേരിയ കാലതാമസമുണ്ടായിട്ടുണ്ട്. ഇത് അനിശ്ചിതമായി നീളുന്നില്ല. |
| (ബി) ബി.പി.എൽ. പട്ടികയ്ക്ക് പകരമുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇതിന്റെ കരട് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബി.പി.എൽ പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അടിസ്ഥാനമാക്കിയാണ് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ടി ഉത്തരവ് പ്രകാരം മുൻഗണനാ പട്ടികയിൽ നിന്ന് താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കുന്നതാണ്.<br><br>• സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ<br>• ആദായ നികുതി ഒടുക്കുന്നവർ<br>• സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ<br>• സ്വന്തമായി ആയിരം ചതുരശ്ര അടിയ്ക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ<br>• നാല് ചക്ര വാഹനം സ്വന്തമായുള്ളവർ |

മേൽ പറഞ്ഞ വിഭാഗങ്ങൾ ഒഴിവായി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവർ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതുമാണ്. :-

- ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
- മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ
- ഓട്ടിസം ബാധിച്ചവർ
- ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ, എയ്ഡ്സ്, ക്യാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും
- പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

ഡാറ്റാ വെരിഫിക്കേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ പട്ടികയുടെ കരട് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) നിലവിലുള്ള മുഴുവൻ കാർഡുടമകൾക്കും പുതിയ റേഷൻകാർഡ് ലഭ്യമാക്കുമോ; ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കലും റേഷൻകാർഡ് പുതുക്കലും തമ്മിൽ ബന്ധമുണ്ടോ?

(സി) നിലവിലുള്ള മുഴുവൻ കാർഡുടമകൾക്കും പുതിയ റേഷൻകാർഡ് ലഭ്യമാക്കുന്നതാണ്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തേണ്ടതുണ്ട്. ആയത് റേഷൻകാർഡ് പുതുക്കൽ വഴി നടപ്പാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ